# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## സബ്ജക്റ്റ് കമ്മിറ്റി XIV - ആഭ്യന്തര കാര്യങ്ങൾ

## 2013–ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ

## തെളിവെടുപ്പിനായുള്ള ചോദ്യാവലി

1. ബില്ലിന്റെ പേര് മാറ്റേണ്ടതുണ്ടോ; എങ്കിൽ പുതിയ പേര് നിർദ്ദേശിക്കുക.
2. "പീഡനം" എന്ന പദത്തിന് ബില്ലിൽ നൽകിയിരിക്കുന്ന നിർവ്വചനം കൂടുതൽ വിപുലപ്പെടുത്തേണ്ടതുണ്ടോ; ഉണ്ടെങ്കിൽ എപ്രകാരമാണ്.
3. രണ്ടാം ഖണ്ഡികയിൽ നിർവ്വചിക്കപ്പെട്ട പദങ്ങൾക്കു പുറമേ പുതുതായി നിർവ്വചിക്കപ്പെടേണ്ട എന്തെങ്കിലുമുണ്ടെങ്കിൽ വിശദമാക്കുക.
4. പീഡനം നിരോധിക്കുന്നതു സംബന്ധിച്ച മൂന്നാം ഖണ്ഡികയിലെ വ്യവസ്ഥയിൽ കൂടുതലായി എന്തെങ്കിലും ചേർക്കേണ്ടതുണ്ടോ; വിശദമാക്കുക.
5. പീഡനം സംബന്ധിച്ച കുറ്റസ്ഥാപനത്തിന്മേൽ ഏഴുവർഷം വരെയുള്ള തടവും പിഴ ശിക്ഷയും കൂടാതെ പീഡനം വഴി വനിതയുടെ മരണം സംഭവിക്കുന്ന പക്ഷം ജീവപര്യന്തം തടവും പിഴയും വ്യവസ്ഥ ചെയ്തിരിക്കുന്ന നാലാം ഖണ്ഡികയിൽ എന്തൊക്കെ മാറ്റങ്ങളാണ് നിർദ്ദേശിക്കാനുള്ളത്.
6. ആത്മഹത്യാ പ്രേരണ സംബന്ധിച്ച കുറ്റസ്ഥാപനത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള അഞ്ചാം ഖണ്ഡികയിൽ ഭേദഗതി ആവശ്യമുണ്ടോ; വിശദമാക്കുക.
7. പീഡനം നടന്ന പ്രദേശത്തിന്റേയോ പബ്ലിക് സർവ്വീസ് വാഹനത്തിന്റേയോ ചുമതലയുള്ള ആളിന്റെ കടമകൾ പ്രതിപാദിക്കുന്ന 6, 7 ഖണ്ഡികകളിൽ എന്തെങ്കിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂട്ടിച്ചേർക്കലുകൾ ആവശ്യമുണ്ടോ; എങ്കിൽ വിശദീകരിക്കുക.
8. സ്ത്രീകളുടെ സ്വകാര്യതയിൽ കടന്നുകയറ്റം നടത്താൻ ഉപയോഗിച്ചേക്കാവുന്ന ഉപകരണങ്ങളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്ന എട്ടാം ഖണ്ഡിക സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്തുക.
9. പരാതി സമർപ്പിക്കുന്നതിനുള്ള പ്രത്യേക നടപടിക്രമങ്ങൾ വിശദമാക്കുന്ന ഒൻപതാം ഖണ്ഡികയിൽ നിർദ്ദേശിക്കുന്ന ഭേദഗതികൾ എന്തൊക്കെയാണ്.
10. വനിതയുടെ സ്വകാര്യതയേയും അന്തസ്സിനേയും ബാധിക്കുന്ന സാമഗ്രികൾ കൈവശം വയ്ക്കുക, തിരിച്ചറിയൽ വിശദാംശങ്ങൾ പ്രസിദ്ധപ്പെടു

ത്തുക എന്നീ കുറ്റങ്ങൾക്ക് ശിക്ഷാവ്യവസ്ഥ ഏർപ്പെടുത്തിയിരിക്കുന്ന പത്ത്, പതിനൊന്ന് ഖണ്ഡികകൾ സംബന്ധിച്ചുള്ള താങ്കളുടെ അഭിപ്രായം രേഖപ്പെടുത്തുക.

11. അന്വേഷണത്തിനുള്ള പ്രത്യേക നടപടിക്രമം, വിചാരണക്കിടയിലെ സ്വകാര്യത എന്നീ കാര്യങ്ങൾ വിശദമാക്കുന്ന പന്ത്രണ്ട്, പതിമൂന്ന് ഖണ്ഡികകളിലെ വ്യവസ്ഥകളോട് യോജിക്കുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശം ലഭ്യമാക്കുക.

12. നിർദ്ദിഷ്ട നിയമപ്രകാരമുള്ള കുറ്റത്തിന് ഇരയായ വനിതയ്ക്കോ അവരുടെ നിയമപരമായ അവകാശിക്കോ കുറ്റം ചെയ്ത ആൾ നഷ്ടപരിഹാരം നൽകണമെന്ന് ഉത്തരവിടാൻ ബന്ധപ്പെട്ട കോടതിയ്ക്ക് അധികാരം നൽകുന്ന 14–ാം വകുപ്പിലെ വ്യവസ്ഥയിന്മേൽ കൂടുതൽ വ്യക്തത ആവശ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ താങ്കളുടെ നിർദ്ദേശം രേഖപ്പെടുത്തുക.

13. മേൽ പരാമർശിക്കപ്പെട്ട കാര്യങ്ങൾക്കു പുറമേ നിർദ്ദിഷ്ട നിയമത്തെ കൂടുതൽ സംപുഷ്ടമാക്കുമെന്ന് താങ്കൾ കരുതുന്നതും ബില്ലിൽ ഉൾപ്പെടുത്താൻ പര്യാപ്തമായതുമായ പുതിയ വ്യവസ്ഥകൾ, നിർദ്ദേശങ്ങൾ എന്നിവ ഉണ്ടെങ്കിൽ അവ കാര്യകാരണ സഹിതം രേഖപ്പെടുത്താവുന്നതാണ്.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി,
കേരള നിയമസഭ.

തിരുവനന്തപുരം
2013 മെയ് 21.